പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം: 1487.

05.02.2019 ൽ മറുപടിക്ക്

## പച്ചക്കറി ഗുണനിലവാര പരിശോധന ലബോറട്ടറി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. വി. എസ്. സുനിൽകുമാർ (ബഹു. കൃഷി വകുപ്പ് മന്ത്രി) |
| (എ) | പച്ചക്കറി സാമ്പിൾ എടുത്ത് ലബോറട്ടറിയിൽ പരിശോധിക്കാൻ കൃഷി വകുപ്പ് ഉദ്യോഗസ്ഥൻമാരെ ജില്ലാതലത്തിൽ നിയമിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും | നിലവിൽ നിശ്ചയിച്ചിട്ടില്ല. |
| (ബി) | ഇല്ലെങ്കിൽ ഇതേക്കുറിച്ച് ആലോചനയുണ്ടോയെന്ന് വ്യക്തമാക്കാമോ; | | |
| (സി) | പടന്ന കാർഷിക കോളേജിൽ പ്രസ്തുത പരിശോധനയ്ക്കായി തയ്യാറാക്കിയ ലബോറട്ടറി ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തെന്ന് വിശദീകരിക്കാമോ; | (സി) | പ്രവർത്തിക്കുന്നുണ്ട്. |
| (ഡി) | ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും ഉള്ള കൃഷി വകുപ്പ് ഉദ്യോഗസ്ഥരെ പച്ചക്കറി സാമ്പിൾ ശേഖരിക്കാനായി ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ ഇതേക്കുറിച്ച് ആലോചനയുണ്ടോ എന്നും വ്യക്തമാക്കാമോ; | (ഡി) | നിലവിൽ ചുമതലപ്പെടുത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | ജൈവവളത്തിന്റെ ഗുണനിലവാരം പരിശോധിക്കാനായി ഗുണനിലവാര പരിശോധന ലബോറട്ടറികൾ സ്ഥാപിച്ച് ജൈവ പച്ചക്കറി കൃഷിക്ക് പ്രോത്സാഹനം നൽകാൻ നടപടി കൈക്കൊള്ളുമോ എന്ന് വ്യക്തമാക്കാമോ ? | (ഇ) | രാസവള ഗുണനിയന്ത്രണ പരിശോധന ശാലകളിലും മണ്ണുപരിശോധനശാല കളിലും ജൈവവളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം ഉണ്ട്. നിലവിലുള്ള സംവിധാനം വിപുലീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ.**